# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **12.05.2021** മുതൽ **16.05.2021** വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 38/2021 | തീയ്യതി: 11/05/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 33.0 | 34.0 – 35.6 | 25.5 – 27.6 | 59 - 77 | 00 -08 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 12-05-2021 | 13-05-2021 | 14-05-2021 | 15-05-2021 | 16-05-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 6 | 5 | 4 | 9 | 30 |
| കൂടിയ താപനില, °C | 36 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 27 | 26 | 26 | 26 | 26 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത, | 4 | 3 | 5 | 8 | 12 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 180 | 110 | 140 | 90 | 110 |
| മേഘ വിന്യാസം, ഒക്ടാ | 6 | 6 | 6 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴ ലഭിക്കും.<br>ENSO ന്യൂട്രൽ ആയതിനാൽ ഇത്തവണ സാധാരണ മഴ പ്രതീക്ഷിക്കുന്നു<br>**വൃക്ഷവിളകൾ നടുന്നതിനനുയോജ്യമായ സമയമാണ്. വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.**<br>**വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര എന്നിങ്ങനെയുള്ള കാർഷിക ഉല്പന്നങ്ങൾ വെയിലത്ത്തിട്ടുണക്കുന്നത് ശ്രദ്ധാപൂർവം ആയിരിക്കണം** | | |
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | നിലമൊരുക്കൽ | രോഗബാധ തടയുന്നതിനായി നടുന്നതിന് മുൻപ് വിത്ത്, സ്യൂഡോമോണസ് (പത്തു കിലോ ഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണസ് എന്ന തോതിൽ) കലർത്തി തയ്യാർ ചെയ്യണം.<br>നഴ്സറി തയ്യാറാക്കുന്ന സമയത്ത് ചതുരശ്ര മീറ്ററിന് ചുരുങ്ങിയത് 1 കി. ഗ്രാം ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണിൽ നന്നായി ഇളക്കി ചേർക്കേണ്ടതാകുന്നു.<br><br>പാടം ഉഴുന്നതോടൊപ്പം തന്നെ സെന്റിന് 1400 ഗ്രാം കുമ്മായവും 20 കി. ഗ്രാം ജൈവവളവും ചേർത്തിളക്കണം | |

| | | | |
|---|---|---|---|
| തെങ്ങ് | നിലമൊരുക്കൽ | നടാൻ വേണ്ടി നിലമൊരുക്കാം.<br>നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ വീതം നീളവും വീതിയും ആഴവും വേണം.<br>മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറക്കുക.<br>തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക. | |
| | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (2 ഗ്രാം ) തയ്യാറാക്കുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം,. മുൻകരുതലായി, ഇങ്ങനെയുള്ള മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും.<br>അല്ലെങ്കിൽ<br>വൃത്തിയാക്കിയ ശേഷം തെങ്ങിന്റെ മണ്ടയിലും, കൂമ്പിലും, മുൻകരുതലായി, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. കൂടാതെ, ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ തടത്തിൽ ഒഴിച്ച് കൊടുക്കുക.<br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കൊഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് + 2 കി. ഗ്രാം ഡോളമേട് + 250 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് + 50 ഗ്രാം സൊല്യൂബോർ നൽകുക. |
| കുരുമുളക് | വിവിധ ഘട്ടം | വാട്ട രോഗം<br> | വാട്ട രോഗത്തിനെതിരെ മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |
| കന്നുകാലികൾ | വിവിധ ഘട്ടം | വർദ്ധിത ഊഷ്മാവും അന്തരീക്ഷ ആർദ്രതയും | കുടിക്കാൻ ധാരാളം വെള്ളം ലഭ്യമാക്കുക<br>പകൽ സമയങ്ങളിൽ ഇടയ്ക്കിടെ ദേഹത്ത് വെള്ളം തൂവുക<br>തൊഴുത്തിൽ വശങ്ങളിൽ നിന്നും കാറ്റ് ലഭ്യമാകും വിധം ഫാനുകൾ സ്ഥാപിക്കുക.<br>തൊഴുത്തിന്റെ തറ ഈർപ്പ രഹിതമായി സൂക്ഷിക്കുന്നത് അകിട് വീക്കം വരുന്നത് തടയാൻ സഹായിക്കും |

ഒപ്പ് /-<br>
നോഡൽ ഓഫീസർ<br>
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി